STATE POLICE MEDIA CENTRE
KERALA POLICE

Police Headquarters
Vazhuthacaud
Thiruvananthapuram - 695010
0471 2318188
info.pol@kerala.gov.in
statepolicemediacentre

No.65/PR/SPMC/PHQ/2025 Date: 15.04.2025

## പ്രഥമ ദേശീയ പൊലീസ് ബാഡ്മിന്റൺ & ടേബിൾ ടെന്നീസ് ക്ലസ്റ്ററിന് സമാപനം

അഞ്ച് ദിവസം നീണ്ടു നിന്ന പ്രഥമ ഓൾ ഇന്ത്യ പൊലീസ് ബാഡ്മിന്റൺ & ടേബിൾ ടെന്നിസ് ടൂർണമെന്റ് 2025, കൊച്ചി രാജീവ് ഗാന്ധി ഇൻഡോർ സ്റ്റേഡിയത്തിൽ നടന്ന ആഘോഷപൂർണ്ണമായ ചടങ്ങിലൂടെ സമാപിച്ചു.

വ്യവസായ മന്ത്രി പി. രാജീവ് വിശിഷ്ടാതിഥിയായ ചടങ്ങിൽ സംസ്ഥാന പൊലീസ് മേധാവി ഡോ. ഷെയ്ഖ് ദർവേഷ് സഹിബ്, മറ്റു ഉന്നത പൊലിസ് ഉദ്യോഗസ്ഥർ തുടങ്ങിയവർ സന്നിഹിതരായി.

ടേബിൾ ടെന്നീസിലെ ഓവർ ഓൾ ചാമ്പ്യൻഷിപ്പ് ഉത്തർപ്രദേശ് നേടിയപ്പോൾ, മിസോറാം ബാഡ്മിന്റൺ ഓവർ ഓൾ ചാമ്പ്യൻഷിപ്പ് സ്വന്തമാക്കി. ജേതാക്കൾക്ക് മന്ത്രി ട്രോഫികൾ സമ്മാനിച്ചു. വിവിധ സംസ്ഥാനങ്ങളിലെ ടീമംഗങ്ങളുടെ മാർച്ച് പാസ്റ്റിന് മന്ത്രി സല്യൂട്ട് സ്വീകരിച്ചു.

മികച്ച വ്യക്തിഗത പ്രകടനം കാഴ്ചവെച്ച മത്സരാർത്ഥികൾക്ക് പുരസ്കാരങ്ങളും അഭിനന്ദനങ്ങളും ലഭിച്ചു. മഹത്തായ കായിക പ്രകടനം കാഴ്ചവെച്ച എല്ലാ മൽസരാർത്ഥികൾക്കും സമ്മാനങ്ങളും വിതരണം ചെയ്തു.

രാജ്യത്തെ വിവിധ സംസ്ഥാനങ്ങളിൽ നിന്നുള്ള പൊലീസ് ഉദ്യോഗസ്ഥരും മറ്റു കേന്ദ്ര സായുധസേനാ സംഘങ്ങളും ഉൾപ്പെടെ 1033 കായികതാരങ്ങൾ പങ്കെടുത്ത ഈ ടൂർണമെന്റ് രാജ്യത്തെ വിവിധ പൊലീസ് സേനാംഗങ്ങളുടെ കായിക മികവും ഒത്തൊരുമയും അച്ചടക്കവും സൗഹൃദവും നിറഞ്ഞ മൽസരങ്ങളിലൂടെ ശ്രദ്ധേയമായി.

ഓൾ ഇന്ത്യാ പോലീസ് സ്പോർട്സ് കൺട്രോൾ ബോർഡിന്റെ നേതൃത്വത്തിൽ സംഘടിപ്പിച്ച ടൂർണമെന്റിൽ രാജ്യത്തിന്റെ വിവിധ ഭാഗങ്ങളിൽ നിന്നുള്ള 43 ടീമുകളെ പ്രതിനിധീകരിച്ചു കൊണ്ടുള്ള 825 പുരുഷന്മാരും 208 സ്ത്രീകളും അടങ്ങുന്ന 1,033 മത്സരാർത്ഥികൾ പങ്കെടുത്തു.

‘നിരവധി കളിക്കാർക്ക് ജന്മം നൽകിയ സംസ്ഥാനമാണ് കേരളം, ഈ പ്രഥമ പരിപാടിയിൽ ആതിഥേയത്വം വഹിക്കാൻ കഴിഞ്ഞതിൽ സന്തോഷം‘ ചടങ്ങിൽ സംസാരിക്കവേ മന്ത്രി പി രാജീവ് പറഞ്ഞു.

ഈ കായികമേള പോലീസുകാരുടെ ശാരീരിക ക്ഷമതയും മാനസികശക്തിയും മെച്ചപ്പെടുത്തുന്നതിനും രാജ്യത്താകെയുള്ള വിവിധ പോലീസ് വിഭാഗങ്ങൾ തമ്മിലുള്ള ഐക്യവും പരസ്പര ബഹുമാനവും വളർത്തുന്നതിനും വലിയ സഹായമാണ് ചെയ്തതെന്ന് ചടങ്ങിൽ പങ്കെടുത്തു സംസാരിച്ച IB സ്പെഷ്യൽ ഡയറക്ടറും ഓൾ ഇന്ത്യ പൊലിസ് സ്പോർട്സ് കൺട്രോൾ ബോർഡ് പ്രതിനിധിയുമായ രവാഡ എ ചന്ദ്ര ശേഖർ പറഞ്ഞു.

ചടങ്ങിൽ ഉന്നത പോലീസ് ഉദ്യോഗസ്ഥർ, പൗരപ്രമുഖർ, വിവിധ സംസ്ഥാനങ്ങളിലെ സേനാംഗങ്ങൾ, എന്നിവർ പങ്കെടുത്തു.

************************